**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1425** **19-06-2024 - ൽ മറുപടിയ്ക്ക്**

**വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി ഭൂമിയില്ലാത്ത, വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂമി വാങ്ങുന്നതിനുള്ള പ്രത്യേക പദ്ധതി രൂപീകരിക്കാൻ തയ്യാറാവുമോ; വ്യക്തമാക്കാമോ; | (എ) | സ്വന്തമായി സ്ഥലമില്ലാത്തതോ, സ്ഥല പരിമിതികളുള്ളതോ ആയ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിലുള്ള സ്കൂളുകളെ കണ്ടെത്തുന്നതിനും, സ്ഥലം വാങ്ങുന്നതിന് ആവശ്യമായ രേഖകൾ പരിശോധിച്ച് ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ നടന്നുവരുന്നു.<br><br>സ്വന്തമായി ഭൂമിയില്ലാത്ത, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂമി വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | ഭൂമിയില്ലാതെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബിയിൽ നിലവിൽ പദ്ധതി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഭൂമിയില്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബിയിൽ നിലവിൽ പദ്ധതികളൊന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ